ഉത്തരം

(എ) ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നൽകിയ വകയിൽ ഇ.എസ്.ഐ. കോർപ്പറേഷനിൽ നിന്നും സംസ്ഥാന സർക്കാരിന് കുടിശ്ശിക ലഭിക്കാനുണ്ട്.

(ബി) 3,09,66,812 രൂപ. (മൂന്നു കോടി ഒൻപതു ലക്ഷത്തി അറുപത്തി ആറായിരത്തി എണ്ണൂറ്റി പന്ത്രണ്ടു രൂപ മാത്രം)

ഓഡിറ്റ് സർട്ടിഫിക്കറ്റ്, വരവു ചെലവ്, കോർപ്പറേഷനിൽ നിന്നും ലഭിച്ച ഷെയർ, ഇവയെ അടിസ്ഥാനമാക്കി കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുകയാണ്.

മരുന്നു വാങ്ങിയ ഇനത്തിൽ തൊഴിലാളികൾക്കു നൽകാനുള്ള കുടിശ്ശിക

52 (1244) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ.ഡിസ്പെൻസറികൾ വഴിയും ആശുപത്രികൾ വഴിയും ഉള്ള നിർദ്ദേശപ്രകാരം തൊഴിലാളികൾ പുറത്തുനിന്നും മരുന്നു വാങ്ങിയ ഇനത്തിൽ സമർപ്പിച്ചിട്ടുള്ള അപേക്ഷയനുസരിച്ച് 2003 മാർച്ചുവരെ എത്ര രൂപ തൊഴിലാളികൾക്ക് നൽകാനുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) ആശുപത്രികളും ഡിസ്പെൻസറികളും തിരിച്ചുള്ള പ്രസ്തുത കണക്ക് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2003 മാർച്ച് വരെ 6,96,84,400 രൂപ നൽകാനുണ്ട്.

(ബി) ഇ.എസ്.ഐ. ഗുണഭോക്താക്കൾ ഇ.എസ്.ഐ. ആശുപത്രിയിൽ ചികിത്സ തേടിയാലും മെഡിക്കൽ റീ ഇംപേഴ്സ്മെന്റ് നൽകുന്നത് ഇ.എസ്.ഐ. ഗുണഭോക്താവ് പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ഡിസ്പെൻസറി വഴിയാണ്. ആയതിനാൽ ആശുപത്രികൾ തിരിച്ച് ഉള്ള കണക്കുകൾ ലഭ്യമല്ല.

ഇ.എസ്.ഐ. പദ്ധതിപ്രകാരം സംസ്ഥാനത്ത് ആയുർവ്വേദ-ഹോമിയോ ആശുപത്രികൾ

53 (1245) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എസ്.ഐ. പദ്ധതി പ്രകാരം സംസ്ഥാനത് ആയുർവ്വേദ-ഹോമിയോ ആശുപത്രികൾ സ്ഥാപിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം ആശുപത്രികൾ സ്ഥാപിക്കുവാൻ നടപടിയെടുക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ആയുർവ്വേദ-ഹോമിയോ ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റുകൾ സ്വീകാര്യമാണോ ;

(ഡി) ഇല്ലാത്തപക്ഷം അതിന് നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഇ.എസ്.ഐ. പദ്ധതിപ്രകാരം ആയുർവ്വേദ ആശുപത്രി സ്ഥാപിച്ചിട്ടില്ല. ഹോമിയോ വിഭാഗത്തിൽ ഒരു ആശുപത്രി കൊല്ലം ആശ്രാമം ഇ.ഐ.എസ്.ഐ. മോഡൽ ആശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്നുണ്ട്.

(ബി) എഴുകോൺ ഇ.എസ്.ഐ. ആശുപത്രിയോടനുബന്ധിച്ച് ഒരു ആയുർവ്വേദ ആശുപത്രി ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ഇ.എസ്.ഐ. കോർപ്പറേഷന്റെ അംഗീകാരത്തിനായി അയച്ചിരിക്കുകയാണ്.

(സി) സ്വീകാര്യമാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ഫറോക്ക് ഇ.എസ്.ഐ. ആശുപത്രിയിലെ ആംബുലൻസ് ഉപയോഗ യോഗ്യമാക്കാൻ നടപടി

54 (1246) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡീസലിന് ആവശ്യമായ അലോട്ട്മെന്റ് ഇല്ലാത്തതിനാൽ ഫറോക്ക് ഇ.എസ്.ഐ.ആശുപത്രിയിലെ ആംബുലൻസ് ഉപയോഗയോഗ്യമല്ലാതാകുന്ന സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡീസലിനായും മെയിന്റനൻസിനായും എത്ര തുകയാണ് പ്രതിവർഷം ചെലവു വരുന്നത് ;

(സി) കഴിഞ്ഞ രണ്ടു വർഷക്കാലം ഇതിലേക്കായി എത്ര തുക അലോട്ടു ചെയ്തിട്ടുണ്ട് ;

(ഡി) ഇടയ്ക്കിടെ ആംബുലൻസ് ഉപയോഗയോഗ്യമല്ലാതാകുന്ന അവസ്ഥ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആംബുലൻസ് ഉപയോഗയോഗ്യമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ആവശ്യമായ അലോട്ട്മെന്റ് നൽകുന്നുണ്ട്.

(ബി) ഡീസലിനായി ഏകദേശം 4,060 രൂപയും മെയിന്റനൻസിനായി 31,007 രൂപയും പ്രതിവർഷം ചെലവു വരുന്നു. (2002-03-ലെ കണക്ക്)

(സി) 2001-2002 വർഷത്തിൽ ഡീസൽ ഇനത്തിൽ 5000 രൂപയും മെയിന്റനൻസ് ഇനത്തിൽ 28,900 രൂപയും 2002-2003 വർഷത്തിൽ ഡീസലിനായി 4,060 രൂപയും മെയിന്റനൻസിനായി 36,000 രൂപയും അലോട്ടു ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly